REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 12-08-2025 **സമയം** 12.30 PM

## പ്രധാന വാർത്തകൾ

- **പ്രതിപക്ഷ ബഹളത്തെ തുടർന്ന് ഇന്നും പാർലമെന്റ് നടപടികൾ ഉച്ചവരെ നിർത്തിവെച്ചു.**
- **സംസ്ഥാനത്തിന്റെ പല വികസന പദ്ധതികളും കിഫ്ബി ഫണ്ട് ചെലവഴിച്ചാണ് നടപ്പാക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **മഞ്ചേരി ഗവ. മെഡിക്കൽ കോളേജിൽ 115 കോടിയോളം രൂപയുടെ പദ്ധതികൾ മന്ത്രി വീണ ജോർജ് ഉദ്ഘാടനം ചെയ്തു.**
- **തദ്ദേശ തിരഞ്ഞെടുപ്പിലെ കരട് വോട്ടർപട്ടിക പുതുക്കുന്നതിന് സമയപരിധി ഇന്ന് അവസാനിക്കും.**
- **സംസ്ഥാനത്ത് വരും ദിവസങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്.**

## വാർത്തകൾ വിശദമായി

പ്രതിപക്ഷ ബഹളത്തെ തുടർന്ന് ഇന്നും പാർലമെന്റ് നടപടികൾ തടസ്സപ്പെട്ടു. രാജ്യസഭ ഉച്ചകഴിഞ്ഞ് രണ്ട് വരെയും, ലോക്സഭ ഉച്ചയ്ക്ക് 12 വരെയും നിർത്തിവെച്ചു. രാജ്യസഭയിൽ ശൂന്യവേളയിൽ നടപടികൾ ആരംഭിക്കുന്നതിനിടെ പ്രതിപക്ഷാംഗങ്ങൾ ബിഹാറിലെ പ്രത്യേക വോട്ടർപട്ടിക പുതുക്കൽ ഉൾപ്പടെ വിഷയങ്ങളിൽ മുദ്രാവാക്യമുയർത്തി. 21 അടിയന്തര പ്രമേയ നോട്ടീസുകൾ ലഭിച്ചതായി ഡെപ്യൂട്ടി ചെയർമാൻ ഹരിവംശ് അറിയിച്ചു. ഇവയിലേറെയും കോടതികളുടെ പരിഗണനാവിഷയങ്ങളാണെന്ന് അറിയിച്ചെങ്കിലും പ്രതിപക്ഷം ബഹളം തുടരുകയായിരുന്നു. ഇതോടെ സഭാനടപടികൾ നിർത്തിവെച്ചതായി ഹരിവംശ് അറിയിച്ചു.

ലോക്സഭാ ചോദ്യോത്തരവേളയിലും പ്രതിപക്ഷം ഇതേ വിഷയങ്ങൾ ഉന്നയിച്ച് ബഹളം ആരംഭിച്ചു. തുടർന്നാണ് സ്പീക്കർ ഓം ബിർള സഭ 12 വരെ നിർത്തിയത്.

✪✪✪

സാംസ്കാരിക മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ ന്യൂഡൽഹിയിൽ ഹർ ഘർ തിരംഗ ക്യാമ്പയിനിന്റെ ഭാഗമായി ബൈക്ക് റാലി സംഘടിപ്പിച്ചു. കേന്ദ്രമന്ത്രിമാരായ ഗജേന്ദ്രസിംഗ് ഷെഖാവത്ത്, കിരൺ റിജിജു, സഞ്ജയ് സേത്, ഡൽഹി മുഖ്യമന്ത്രി രേഖാ ഗുപ്ത തുടങ്ങിയവർ നേതൃത്വം നൽകി.

രാജ്യത്തിനു വേണ്ടി ജീവൻ ബലിയർപ്പിച്ചവരെ ഓർമ്മിക്കുന്നതിനും, വികസിത് ഭാരതത്തിലേക്ക് നാം നീങ്ങുമ്പോൾ തിരംഗ ഐക്യത്തിന്റെ പ്രതീകമായി മാറുന്നുവെന്നും ഗജേന്ദ്രസിംഗ് ചടങ്ങിൽ പറഞ്ഞു.

✪✪✪

ഹർ ഘർ തിരംഗ പ്രചാരണത്തോടനുബന്ധിച്ച് മുൻ കേന്ദ്രസഹമന്ത്രി V.മുരളീധരൻ ഉള്ളൂരിലെ വസതിയിൽ ദേശീയ പതാക ഉയർത്തി. ദേശീയ ഗാനം ആലപിച്ചതിനുശേഷം, മധുരപലഹാരങ്ങൾ വിതരണം ചെയ്തു.

✪✪✪

ഈ മാസം പത്തിന് ആധാർ ഫേസ് ഓതന്റിക്കേഷൻ 200 കോടി പിന്നിട്ട് ചരിത്രം സൃഷ്ടിച്ചു. ആറു മാസം കൊണ്ടാണ് നൂറു കോടിയിൽ നിന്ന് ഫേസ് ഓതന്റിക്കേഷൻ നൂറു കോടിയിൽ നിന്ന് 200 കോടിയിലെത്തിയത്. രേഖകളോ, പരിശോധനയോ കൂടാതെ തിരിച്ചറിയൽ സാധ്യമാക്കുന്ന പുതിയ സാങ്കേതിക വിദ്യയാണിത്.

✪✪✪

ആണവയുദ്ധ ഭീഷണിയുയർത്തിയ പാകിസ്ഥാൻ സൈനിക മേധാവി അസിം മുനീറിന്റെ നടപടിയെ ഇന്ത്യ നിശിതമായി അപലപിച്ചു. ആണവ ഭീഷണിയുടെ ബ്ലാക്ക്മെയിലിംഗിനെ ഭയക്കുന്നില്ലെന്ന് ഇന്ത്യ ഇതിനകം തന്നെ വ്യക്തമാക്കിയിട്ടുണ്ടെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ അറിയിച്ചു. ദേശീയസുരക്ഷ ഉറപ്പാക്കാൻ ആവശ്യമായ നടപടി രാജ്യം സ്വീകരിക്കും. സൗഹൃദ രാജ്യത്തെ സന്ദർശനത്തിനിടെ അസിം നടത്തിയ പരാമർശം അങ്ങേയറ്റം അനുചിതമാണെന്നും ജയ്സ്വാൾ പറഞ്ഞു.

✪✪✪

ഇന്ന് ലോകപ്രശസ്ത ഇന്ത്യൻ ഭൗതിക ശാസ്ത്രജ്ഞൻ ഡോ. വിക്രം സാരാഭായിയുടെ ജന്മദിനം. ഇന്ത്യൻ ബഹിരാകാശ ശാസ്ത്രത്തിന്റെ

പിതാവായ വിക്രം സാരഭായ് 1919 ഓഗസ്റ്റ് 12ന് ഗുജറാത്തിലെ അഹമ്മദാബാദിലാണ് ജനിച്ചത്. 1947 നവംബർ 11-ന് വിക്രം സാരാഭായ് അഹമ്മദാബാദിൽ ആരംഭിച്ച ഫിസിക്കൽ റിസർച്ച് ലാബാണ് പിന്നീട് ഇന്ത്യൻ ബഹിരാകാശ ദൗത്യത്തിന്റെ കേന്ദ്രമായി മാറിയത്.

✪✪✪

ഇന്ന് അന്താരാഷ്ട്ര യുവജന ദിനം. തലമുറകൾക്കിടയിലെ ഐക്യദാർഢ്യം - എല്ലാ പ്രായക്കാർക്കും വേണ്ടി ഒരു ലോക സൃഷ്ടി" എന്നതാണ് ഈ വർഷത്തെ യുവജനദിന സന്ദേശം.

സാംസ്കാരികവും നിയമപരവുമായ പ്രശ്നങ്ങളിലേക്ക് യുവാക്കളുടെ ശ്രദ്ധ ആകർഷിക്കുക എന്നതാണ് ദിനാചരണത്തിന്റെ ലക്ഷ്യം.

✪✪✪

സംസ്ഥാനത്തിന്റെ പല വികസന പദ്ധതികളും കിഫ്ബി ഫണ്ട് ചെലവഴിച്ചാണ് നടപ്പാക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ' എല്ലാം മേഖലയിലും മികച്ച വികസനം കൈവരിക്കാൻ സാധിച്ചിട്ടുണ്ടെങ്കിലും, ഖജനാവിൽ ആവശ്യത്തിന് വിഹിതം ഉണ്ടാവാറില്ലെന്നും അദ്ദേഹം വെളിപ്പെടുത്തി. ഖജനാവിനെയോ ബജറ്റിനെയോ മാത്രം ആശ്രയിച്ച് കേരളത്തിന്റെ വികസനം നടപ്പാക്കാൻ സാധിക്കില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു. കണ്ണൂർ ധർമ്മടം ചേക്കുപാലം റെഗുലേറ്റർ കം ബ്രിഡ്ജ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.സ്പീക്കർ A.N ഷംസീർ, മന്ത്രി റോഷി അഗസ്റ്റിൻ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

✪✪✪

റോഡ് ഗതാഗതം സുഗമമാക്കാൻ റെയിൽവേ മേൽപ്പാലങ്ങൾ അനിവാര്യമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഇതിന്റെ ഭാഗമായാണ് ലെവൽ ക്രോസ് ഇല്ലാത്ത കേരളം എന്ന പദ്ധതി ഗവൺമെന്റ് ആവിഷ്കരിച്ചതെന്നും അദ്ദേഹം അറിയിച്ചു. തലശ്ശേരി കൊടുവള്ളി റെയിൽവേ മേൽപ്പാലം ഉദ്ഘാടനം ചെയ്യുകകയായിരുന്നു മുഖ്യമന്ത്രി.

സ്റ്റീൽ കോമ്പോസിറ്റ് സ്ട്രക്ചർ മാതൃകയിൽ നിർമ്മിച്ച സംസ്ഥാനത്തെ ആദ്യത്തെ റെയിൽവേ മേൽപ്പാലമാണിത്. കിഫ്ബിയിൽ നിന്ന് 36 കോടി 37 ലക്ഷം രൂപ ചെലവഴിച്ചാണ് മേൽപ്പാലം യാഥാർത്ഥ്യമാക്കിയത്. ഇതിൽ പത്തു കോടി രൂപ റെയിൽവേയുടെ വിഹിതം ആണ് എന്നും മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

പൊലീസിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് വിവിധ ജില്ലകളിൽ നിർമ്മാണം പൂർത്തിയാക്കിയ 12 പൊലീസ് മന്ദിരങ്ങൾ മുഖ്യമന്ത്രി പിണറായി വിജയൻ ഉച്ചകഴിഞ്ഞ് കണ്ണൂരിൽ ഉദ്ഘാടനം ചെയ്യും. അഞ്ച് കെട്ടിടങ്ങൾക്ക് മുഖ്യമന്ത്രി തറക്കല്ലിടുകയും ചെയ്യും.

കണ്ണൂർ പോലീസ് പരേഡ് ഗ്രൌണ്ടിലെ സിന്തറ്റിക്ക് ട്രാക്കും മൾട്ടി-പർപ്പസ് ഇൻഡോർ കോർട്ടും വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിക്കും.

✪✪✪

മഞ്ചേരി ഗവ. മെഡിക്കൽ കോളേജിൽ 115 കോടിയോളം രൂപയുടെ പദ്ധതികൾ മന്ത്രി വീണ ജോർജ് ഉദ്ഘാടനം ചെയ്തു. വൈറോളജി ലാബ്, ലക്ഷ്യ ലേബർ റൂമുകൾ, CT സ്കാൻ യൂണിറ്റ്, റേഡിയോളജി ബ്ലോക്ക്, ഹോസ്റ്റൽ ഓഡിറ്റോറിയം എന്നിവയടക്കം സംവിധാനങ്ങളാണ് ആശുപത്രിയിൽ ഒരുക്കിയത്.

പുതിയ പദ്ധതികൾ ഉദ്ഘാടനം ചെയ്യാനെത്തിയ മന്ത്രിയെ യൂത്ത് കോൺഗ്രസ് പ്രവർത്തകർ കരിങ്കൊടി കാണിച്ചു. പൊലീസ് പ്രതിഷേധക്കാരെ അറസ്റ്റ് ചെയ്തു നീക്കി. അതിനിടെ DYFI - യൂത്ത് കോൺഗ്രസ് പ്രവർത്തകർ തമ്മിൽ വാക്കുതർക്കവും ഉന്തും തള്ളുമുണ്ടായി. പൊലീസ് ഇടപെട്ടാണ് സ്ഥിതിഗതികൾ ശാന്തമാക്കിയത്.

പുൽപ്പറ്റ ഗ്രാമപഞ്ചായത്തിലെ കൂട്ടാവിൽ അങ്കണവാടിയും മന്ത്രി ഉദ്ഘാടനം ചെയ്തു.

✪✪✪

എല്ലാ വീടുകളിലും ശുദ്ധീകരിച്ച കുടിവെള്ളം എത്തിക്കുകയാണ് ഗവൺമെന്റിന്റെ ലക്ഷ്യമെന്ന് മന്ത്രി റോഷി അഗസ്റ്റിൻ പറഞ്ഞു. പാലക്കാട് - മലപ്പുറം ജില്ലകളെ ബന്ധിപ്പിക്കുന്ന കാലടിക്കുന്ന് റെഗുലേറ്റർ - കം - ഫൂട്ട് ബ്രിഡ്ജ് നിർമ്മാണം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഭാരതപ്പുഴയുടെ തീരത്ത് നിർമിച്ച പട്ടാമ്പി EMS പാർക്കും മന്ത്രി ഉദ്ഘാടനം ചെയ്തു.

✪✪✪

ഭാരതപ്പുഴയുടെ പുനരുജ്ജീവന- സൗന്ദര്യവത്കരണ പദ്ധതിക്ക് തുടക്കമായി.

പാലക്കാട്ടു നിന്ന് ഫൈസൽ അലിമുത്ത്.

.....(വോയ്സ്)..........

✪✪✪

തലശ്ശേരി ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനിയ്ക്കെതിരായ CPIM സംസ്ഥാനസെക്രട്ടറി MV ഗോവിന്ദന്റെ പരാമർശം അവസരവാദപരമെന്ന് കത്തോലിക്കാ കോൺഗ്രസ് പ്രതിനിധി ഫാദർ ഫിലിപ്പ് കവിയിൽ അഭിപ്രായപ്പെട്ടു. മാർ പാംപ്ലാനിയെ സന്ദർശിക്കുകയും കേക്ക് നൽകുകയും ചെയ്തവർ തന്നെയാണ് ഇപ്പോൾ വിമർശനവുമായി രംഗത്തുവന്നിരിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. പരാമർശം പിൻവലിക്കുന്ന കാര്യത്തിൽ സംസ്ഥാന സെക്രട്ടറി തന്നെ തീരുമാനം എടുക്കട്ടെയെന്നും അദ്ദേഹം പ്രതികരിച്ചു. കന്യാസ്ത്രീകളുടെ മോചനത്തിനിടപെട്ട അമിത്ഷായ്ക്ക് നന്ദി പറയുന്നതിൽ അനുചിതമായി ഒന്നുമില്ലെന്നും ഫാദർ കവിയിൽ വ്യക്തമാക്കി.

✪✪✪

79-ാം സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി ഏഴിമല ഇന്ത്യൻ നാവൽ അക്കാദമി പയ്യന്നൂരിൽ നാളെ വൈകിട്ട് പൊതു ബാൻഡ് പ്രകടനം നടത്തും. പയ്യന്നൂർ ഷെണായ് ടൗൺ സ്ക്വയറിൽ ആറര മുതൽ ഏഴര വരെയാണ് ബാൻഡ് മേളം. ദേശീയ അഭിമാനവും സമൂഹ പങ്കാളിത്തവും വളർത്തുകയാണ് പരിപാടിയുടെ ലക്ഷ്യം.

✪✪✪

ചൈനയിലെ ചെങ്ഡുവിൽ ലോക ഗെയിംസ് വനിതാ വുഷുവിൽ ഫൈനലിലെത്തി ഇന്ത്യയുടെ നമ്രതാ ബത്ര ചരിത്രം കുറിച്ചു. 52 കിലോ വിഭാഗത്തിൽ ഫിലിപ്പീൻസിന്റെ ക്രിസാൻ ഫെയ്ത്ത് കൊളോഡോയെ തോൽപ്പിച്ചാണ് വുഷു ഇനത്തിൽ ആദ്യമായി നമ്രത ബത്ര ലോക ഗെയിംസിൽ മെഡൽ ഉറപ്പാക്കിയത്.

✪✪✪

പശ്ചിമ ബംഗാൾ സംസ്കൃത സർവകലാശാല സിൻഡിക്കേറ്റ് അംഗമായി കോഴിക്കോട്ടെ ഡോ. ശ്രീശൈലം ഉണ്ണിക്കൃഷ്ണനെ നിയമിച്ചു. ഇത് സംബന്ധിച്ച് ഗവർണർ CV ആനന്ദബോസ് ഉത്തരവ് പുറത്തിറക്കി. സാമൂതിരി ഗുരുവായൂരപ്പൻ കോളജ് മലയാള ഗവേഷണ വിഭാഗം മേധാവിയാണ് ഡോ. ശ്രീശൈലം ഉണ്ണിക്കൃഷ്ണൻ. നിലവിൽ ഗോവ സർവകലാശാല സിൻഡിക്കേറ്റ് മെമ്പറാണ് അദ്ദേഹം.

✪✪✪

ചിങ്ങമാസ പൂജകൾക്കായി ശബരിമലയിൽ അടുത്ത ശനിയാഴ്ച നട തുറക്കും. അടുത്ത ഒരു വർഷത്തെ തന്ത്രിയായി കണ്ഠരര് മഹേഷ് മോഹനരര് ആയിരിക്കും സന്നിധാനത്ത് ഉണ്ടാവുക.

പത്തനംതിട്ട പ്രതിനിധി ശ്രീജി S ശ്രീധർ.

.....(വോയ്സ്)......

✪✪✪

മലയാള പത്രങ്ങളിലെ മികച്ച പ്രാദേശിക പേജ് രൂപകൽപനക്ക് കണ്ണൂർ പ്രസ്ക്ലബും രജിത് റാം സുഹൃദ്സംഘവും നൽകുന്ന പുരസ്കാരത്തിന് മാതൃഭൂമി കോഴിക്കോട് യൂണിറ്റിലെ സബ് എഡിറ്റർ അഷ്മിലാ ബീഗം അർഹയായി. 25,000 രൂപയും ഫലകവും അടങ്ങുന്ന അവാർഡ് പിന്നീട് സമ്മാനിക്കുമെന്ന് ഭാരവാഹികൾ കണ്ണൂരിൽ അറിയിച്ചു.

✪✪✪

വീർ പരിവാർ സഹായത യോജനയുടെ ഭാഗമായി കണ്ണൂരിൽ സൈനിക കുടുംബങ്ങൾക്ക് ലീഗൽ സർവീസസ് ക്ലിനിക്ക് ആരംഭിച്ചു. ആഴ്ചയിൽ ഒരു തവണയാണ് ക്ലിനിക്കിന്റെ പ്രവർത്തനം.

അതിർത്തികളിൽ സേവനമനുഷ്ഠിക്കുന്ന സൈനികരുടെ കുടുംബപരമായ സ്വത്ത് തർക്കങ്ങൾ, ആഭ്യന്തര പ്രശ്നങ്ങൾ, ഭൂമിപ്രശ്നങ്ങൾ എന്നിവയ്ക്ക് സൗജന്യ നിയമസഹായം ഇതിലൂടെ ലഭിക്കും.

✪✪✪

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ഇന്ന് കോട്ടയം, എറണാകുളം, തൃശ്ശൂർ, കാസർകോട് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: ശരണ്യ രാജൻ*
*NRTs : അനിൽ ചന്ദ്രൻ*
*DEO : ഷീബ*